# റിവോൾവിങ് ഫണ്ട് പൗൾട്രി പ്രൊജക്റ്റ്

സെൻറർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ പൗൾട്രി സയൻസ്
കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി
മണ്ണുത്തി, തൃശൂർ -680651
Phone: 9495333400, 0487- 2370117 , Email : rfpp@kvasu.ac.in

നമ്പർ: സി.എ.എസ്.പി.എസ്/ ആർ.എഫ്.പി.പി/ ജന.II /ടെൻഡർ /2026-27(3) തിയതി : 08.10.2026

## ടെൻഡർ നോട്ടീസ്

കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി സെൻറർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ പൗൾട്രി സയൻസ് വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന റിവോൾവിങ് ഫണ്ട് പൗൾട്രി പ്രൊജക്റ്റ് ഫീഡ്മില്ലിൽ നിന്നുള്ള തീറ്റ സമയാസമയങ്ങളിൽ വിവിധ സ്ഥലങ്ങളിലേക്ക് വിതരണം ചെയ്യുന്നതിന് ഡ്രൈവർ സഹിതമുള്ള ചരക്കു വാഹനങ്ങൾ, കയറ്റ്/ ഇറക്ക്/ കെട്ട് കൂലി ഉൾപ്പെടെ ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിൽ വാഹന ഉടമകളിൽ നിന്ന് മുദ്ര വെച്ച ടെൻഡറുകൾ ക്ഷണിച്ചുകൊള്ളുന്നു.

### കരാർ സംബന്ധിച്ച സുപ്രധാന വിവരങ്ങൾ

ടെൻഡർ സമർപ്പിക്കുന്ന കവറിനു പുറത്തു "സെൻറർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ പൗൾട്രി സയൻസ് വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന റിവോൾവിങ് ഫണ്ട് പൗൾട്രി പ്രൊജക്ടിന്റെ ഭാഗമായുള്ള ഫീഡ് മില്ലിൽ നിന്ന് തീറ്റ സമയാസമയങ്ങളിൽ വിവിധ സ്ഥലങ്ങളിലേക്ക് വിതരണം ചെയ്യുന്നതിന് ഡ്രൈവർ സഹിതമുള്ള ചരക്കുവാഹനങ്ങൾ, കയറ്റ്/ ഇറക്ക്/ കെട്ട് കൂലിയുൾപ്പെടുന്ന ടെൻഡർ" എന്ന് രേഖപ്പെടുത്തിയിരിക്കണം.

| | |
|---|---|
| ടെൻഡർ അയക്കേണ്ട വിലാസം | : ഡയറക്ടർ & പി .ഐ.,<br>റിവോൾവിങ് ഫണ്ട് പൗൾട്രി പ്രൊജക്റ്റ്<br>സെൻറർ ഫോർ അഡ്വാൻസ്ഡ്<br>സ്റ്റഡീസ് ഇൻ പൗൾട്രി സയൻസ്,<br>കെ.വി.എ.എസ്.യു<br>മണ്ണുത്തി, തൃശൂർ -680651 |
| ടെൻഡർ ലഭിക്കേണ്ട അവസാന തിയതി, സമയം | : 24.10.2026, 2 PM |
| ടെൻഡർ തുറക്കുന്ന തിയതി , സമയം | : 24.10.2026, 3 PM |
| കരാർപ്രാബല്യം | : 1 വർഷം |
| ടെൻഡർ പ്രമാണങ്ങൾ സ്വീകരിക്കുന്ന ഓഫീസ് | : റിവോൾവിങ് ഫണ്ട് പൗൾട്രി പ്രൊജക്റ്റ് ഓഫീസ്, സെൻറർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ പൗൾട്രി സയൻസ്, മണ്ണുത്തി, |

(ടെൻഡറിന്റെ വിശദാംശങ്ങൾ ഇതോടൊപ്പം ചേർക്കുന്നു)

ഡയറക്ടർ & പി .ഐ

Director & PI
Revolving Fund Poultry Project
CAS in Poultry Science
KVASU, Mannuthy - 680 651

## വിശദാംശങ്ങൾ

സാധാരണ പ്രദേശങ്ങളിലേക്കും ഉയർന്ന പ്രദേശങ്ങളിലേക്കും :

| ക്രമ നമ്പർ | വാഹനം | വാഹനം ഒരു കിലോമീറ്റർ ദൂരം സഞ്ചരിക്കുന്നതിനുള്ള നിരക്ക് | | |
|---|---|---|---|---|
| | | സാധാരണ പ്രദേശങ്ങളിലേക്ക് | ഉയർന്ന പ്രദേശങ്ങളിലേക്ക് | പ്രതിദിന വാടക (100 KM താഴെ ) |
| 1 | 0-1 ടൺ വരെ | | | |
| 2 | 1-2 ടൺ വരെ | | | |
| 3 | 2-4 ടൺ വരെ | | | |
| 4 | 4-6 ടൺ വരെ | | | |
| 5 | 6-8 ടൺ വരെ | | | |
| 6 | 8-10 ടൺ വരെ | | | |
| 7 | 10-12 ടൺ വരെ | | | |
| 8 | 12-14 ടൺ വരെ | | | |

കയറ്റിറക്ക് കൂലി

| ക്രമ നമ്പർ | ഇനം | കൂലി (ചാക്കൊന്നിന്) |
|---|---|---|
| 1 | കയറ്റു കൂലി | |
| 2 | ഇറക്ക് കൂലി | |
| 3 | കെട്ടു കൂലി | |

## നിബന്ധനകൾ

ടെൻഡർ സമർപ്പിക്കുന്ന കവറിനു പുറത്തു "സെൻറർ ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസ് ഇൻ പൗൾട്രി സയൻസ് വിഭാഗത്തിന് കീഴിൽ പ്രവർത്തിക്കുന്ന റിവോൾവിങ് ഫണ്ട് പൗൾട്രി പ്രൊജക്ടിന്റെ ഭാഗമായുള്ള ഫീഡ് മില്ലിൽ നിന്ന് തീറ്റ സമയാസമയങ്ങളിൽ വിവിധ സ്ഥലങ്ങളിലേക്ക് വിതരണം ചെയ്യുന്നതിന് ഡ്രൈവർ സഹിതമുള്ള ചരക്കു വാഹനങ്ങൾ, കയറ്റ്/ ഇറക്ക്/ കെട്ട് കൂലിയുൾപ്പെടുന്ന ടെൻഡർ" എന്ന് രേഖപ്പെടുത്തിയിരിക്കണം.

1. കരാറിന്റെ കാലയളവ് ടെൻഡർ സ്വീകരിച്ചതു മുതൽ ഒരു വർഷത്തേക്കുള്ള കാലയളവിലേക്കാണ്. ഈ കാലയളവിൽ യാതൊരു കാരണവശാലും കരാർ തുക വർദ്ധിപ്പിക്കുന്നതല്ല.
2. സാധാരണ പ്രദേശങ്ങളിലേക്കും ഉയർന്ന പ്രദേശങ്ങളിലേക്കും വാഹനം ഒരു കിലോമീറ്റർ സഞ്ചരിക്കുന്നതിനുള്ള നിരക്ക് വ്യക്തമായി രേഖപ്പെടുത്തണം.
3. വാഹനത്തിന് കുറഞ്ഞത് 10 ടൺ പെർമിറ്റ് ഉണ്ടായിരിക്കണം.

4. ഒരു മാസം സഞ്ചരിക്കേണ്ട പരമാവധി ദൂരം 4000 മുതൽ 6000 കി മി ആയിരിക്കും.
5. ടെൻഡർ സമർപ്പിക്കുന്നതിനോടൊപ്പം ഓട്ടത്തിന് ഉപയോഗിക്കാനുദ്ദേശ്ശിക്കുന്ന വാഹനത്തിന്റെ പെർമിറ്റ്, ഇൻഷുറൻസ്, തുടങ്ങിയ എല്ലാവിധ ഔദ്യോഗിക രേഖകളും നൽകേണ്ടതാണ്. കൃത്യമായ രേഖകൾ നൽകാത്ത ടെൻഡർ നിരസിക്കപ്പെടുന്നതാണ്.
6. ടെൻഡറിൽ കയറ്റിറക്ക് കൂലി ചാക്കൊന്നിന് എത്രയെന്നു കൃത്യമായി രേഖപ്പെടുത്തണം.
7. ഫീഡ് കയറ്റുന്ന ജോലി മണ്ണുത്തിയിലെ അംഗീകൃത യൂണിയൻ തൊഴിലാളികളാണ് ചെയ്യുന്നത്. തൊഴിലാളികൾക്കുള്ള കൂലി അതാത് സമയത്ത് തന്നെ കരാറുകാരൻ നൽകേണ്ടതാണ്.
8. ടെൻഡർ ലഭിച്ച കരാറുകാരൻ സെക്യൂരിറ്റി ഡിപ്പോസിറ്റായി ഒരു വർഷത്തെ കരാർ തുകയുടെ 5% ആയ 95000 രൂപ (തൊണ്ണൂറ്റി അയ്യായിരം രൂപ മാത്രം) ഡയറക്ടർ & പി. ഐ, റിവോൾവിംഗ് ഫണ്ട് പൗൾട്രി പ്രൊജക്റ്റ്, സി.എ.എസ്.പി.എസ്, മണ്ണുത്തി എന്ന പേരിൽ എസ്.ബി ഐ ഒല്ലൂക്കര ശാഖയിൽ മാറാവുന്ന ഡിമാൻഡ് ഡ്രാഫ്റ്റായോ, ടി തുക ഓഫീസിൽ നേരിട്ടോ അടക്കേണ്ടതാണ്.
9. ടെൻഡർ ഫോമിന്റെ വില ആയ 3422/- രൂപയും (മൂവായിരത്തി നാനൂറ്റി ഇരുപത്തി രണ്ട് രൂപ മാത്രം) (Rs. 2900/- +Gst 18% Rs.522/-) നിരതദ്രവ്യം ആയ 19000/- രൂപയും (പത്തൊമ്പതിനായിരം രൂപ മാത്രം) ഡയറക്ടർ & പി.ഐ, റിവോൾവിംഗ് ഫണ്ട് പൗൾട്രി പ്രൊജക്റ്റ്, സി.എ.എസ്.പി.എസ്, മണ്ണുത്തി എന്ന പേരിൽ എസ്.ബി.ഐ, ഒല്ലൂക്കര ശാഖയിൽ മാറാവുന്ന വെവ്വേറെ ഡിമാൻഡ് ഡ്രാഫ്റ്റുകളായി ടെൻഡറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. മേൽപ്പറഞ്ഞ തുകകൾക്കുള്ള ഡിമാൻഡ് ഡ്രാഫ്റ്റുകൾ ടെൻഡറിനോടൊപ്പം സമർപ്പിക്കാത്ത ടെൻഡറുകൾ നിരസിക്കുന്നതാണ്.
10. ഏർപ്പെട്ട കരാറിൽ നിന്ന് പിന്മാറാൻ ഉദ്ദേശ്യമുള്ള പക്ഷം കുറഞ്ഞത് ഒരു മാസം മുൻപെങ്കിലും ബന്ധപ്പെട്ട അധികാരിക്ക് മുൻപാകെ നോട്ടീസ് നൽകേണ്ടതാണ്. നോട്ടീസ് നൽകാതെ കരാറിൽ നിന്ന് പിന്മാറിയാൽ ഫീഡ്മില്ലിനുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദിയായിരിക്കും
11. വാഹനത്തിന്റെ അറ്റകുറ്റ പണികൾ കരാറുകാരൻ സ്വന്തം ചിലവിൽ നടത്തേണ്ടതാണ്. കരാർ കാലയളവിൽ വാഹനത്തിനോ മറ്റു സ്വത്തുക്കൾക്കോ ജീവനോ ഉണ്ടാക്കുന്ന കഷ്ടനഷ്ടങ്ങൾക്ക് യുണിവേഴ്‌സിറ്റിക്കോ / വകുപ്പ് മേധാവിക്കോ ഉത്തരവാദിത്വം ഉണ്ടായിരിക്കുന്നതല്ല.
12. ഡ്രൈവറുടെ വേതനം, ഇന്ധനം, ടോൾ എന്നിവ കരാറുകാരൻ തന്നെ വഹിക്കേണ്ടതാണ്.
13. ഡയറക്ടർ & പി.ഐ- ക്ക് എപ്പോൾ വേണമെങ്കിലും ഏർപ്പെട്ട കരാർ കാരണമൊന്നും ബോധിപ്പിക്കാതെ, 48 മണിക്കൂർ സമയത്തെ നോട്ടീസ് നൽകി റദ്ദാക്കാവുന്നതാണ്.
14. കരാറുകാരൻ 200 രൂപ മുദ്രപത്രത്തിൽ നിശ്ചിതമാതൃകയിൽ കരാർ വ്യവസ്ഥ ഒപ്പു വെക്കേണ്ടതാണ്.

15. ടിഡിഎസ്, ജിഎസ്ടി ടിഡിഎസ് തുടങ്ങിയ സർക്കാർ നിയമാനുസൃത കുറവുകൾ ബാധകമായിരിക്കും.

16. തൃപ്തികരമായ രീതിയിൽ ഫീഡ് വിതരണം ചെയ്ത ശേഷമെ ബിൽ തുക അനുവദിക്കുകയുള്ളു. ഫീഡ് തൃപ്തികരമായ രീതിയിൽ വിതരണം ചെയ്ത ശേഷം ഒരു മാസത്തെ മൊത്തം ബിൽ കയറ്റിറക്ക് കൂലി ഉൾപ്പെടെ നൽകേണ്ടതാണ്. തുക ഒരുമിച്ച് അടുത്തമാസം നൽകുന്നതാണ്. യാതൊരു കാരണവശാലും തുക മുൻകൂറായി നൽകുന്നതല്ല.

17. ആദായനികുതി തുടങ്ങി അനുബന്ധ നികുതികളും അടക്കേണ്ടതിനാൽ ബില്ലിൽ നിന്നും അത്രയും തുക കുറച്ചു മാത്രമേ കരാറുകാരന് നൽകുകയുള്ളൂ.

18. ഡയറക്ടർ & പി.ഐ - യ്ക്കോ അദ്ദേഹം അധികാരപ്പെടുത്തുന്ന വ്യക്തിക്കോ / വ്യക്തികൾക്കോ അദ്ദേഹം ആവശ്യപ്പെടുന്ന സമയത്ത് കൃത്യമായി ഡ്രൈവറും വാഹനവും വരുകയും ഫീഡ് കൃത്യസമയത്ത് ഫാമുകളിൽ തൃപ്തികരമായ രീതിയിൽ എത്തിക്കുകയും ചെയ്യണം.

19. ഒരേ ദിവസം തന്നെ ഒന്നിൽ കൂടുതൽ സ്ഥലങ്ങളിലേക്ക് ഫീഡ് വിതരണം ചെയ്യേണ്ടതായി വന്നാൽ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ പകരം വാഹനം ഏർപ്പാടാക്കി നൽകേണ്ടതാണ്.

20. വാഹനത്തിനു എന്തെങ്കിലും തകരാർ സംഭവിച്ചാൽ പകരം സംവിധാനം കരാറുകാരൻ ഉണ്ടാക്കേണ്ടതും, അക്കാര്യത്തിൽ വീഴ്ച വരുത്തിയാൽ കരാറുകാരന്റെ ചിലവിൽ സ്ഥാപനം തന്നെ വേറെ വാഹനം ലഭ്യമാക്കുകയും അതുമൂലം ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കരാറുകാരൻ ഉത്തരവാദി ആയിരിക്കുന്നതാണ്.

21. ഡയറക്ടർ & പി.ഐ - യോ അദ്ദേഹം അധികാരപ്പെടുത്തുന്ന വ്യക്തിയോ / വ്യക്തികളോ പുറപ്പെടുവിക്കുന്ന ഏതൊരു നിർദ്ദേശവും പാലിക്കാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

22. **24.10.2026, 2** മണി വരെ ലഭ്യമാകുന്ന എല്ലാ ടെൻഡറുകളും ഡയറക്ടർ & പി.ഐ-യുടെ സൂക്ഷ്മപരിശോധനക്ക് വിധേയമാക്കി ഏറ്റവും കുറഞ്ഞ നിരക്ക് പ്രദർശിപ്പിക്കുകയും മേൽപ്പറഞ്ഞ നിബന്ധനകൾക്കു വിധേയമായി പ്രവർത്തിക്കാമെന്നു ഉറപ്പുനൽകുകയും ചെയ്യുന്ന കക്ഷിക്ക് കരാർ നൽകുന്നതായിരിക്കും.

23. വൈകി സമർപ്പിക്കപ്പെടുന്നതും അപൂർണ്ണവും ആയ ടെൻഡറുകൾ നിരസിക്കുന്നതാണ്.

24. ടി ടെൻഡർ സംബന്ധിച്ച ഏതൊരു തീരുമാനവും കൈക്കൊള്ളുന്നതിനും ടെൻഡറിൽ പങ്കെടുക്കുന്ന വ്യക്തികളോട് യാതൊരു കാരണവും ബോധിപ്പിക്കാതെ ടെൻഡർ നിരാകരിക്കരിക്കുന്നതിനുള്ള പരിപൂർണ അവകാശം ഡയറക്ടർ & പി.ഐ-യിൽ നിക്ഷിപ്തമായിരിക്കും.

25. ഗവണ്മെന്റ് ടെൻഡറിന്റെ എല്ലാ വ്യവസ്ഥകളും ഈ ടെൻഡറിനും ബാധകമാണ്.

ഡയറക്ടർ & പി .ഐ

പകർപ്പ്: നോട്ടീസ് ബോർഡ്, സി.എ.എസ്.പി.എസ്, മണ്ണുത്തി /ഫയൽ/ യൂണിവേഴ്സിറ്റി വെബ് സൈറ്റ്

Director & PI
Revolving Fund Poultry Project
CAS in Poultry Science
KVASU, Mannuthy - 680 651